**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70** **06-02-2023 - ൽ മറുപടിയ്ക്ക്**

**വെള്ളക്കരത്തിന്റെ നിരക്ക് വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ സി ആർ മഹേഷ്,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള ജല അതോറിറ്റി ഭീമമായ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള ജല അതോറിറ്റി ഭീമമായ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കേരള ജല അതോറിറ്റി ബോർഡ് അംഗീകരിച്ച് അക്കൗണ്ട് ജനറലിന് (ഓഡിറ്റ്) സമർപ്പിച്ച 2021-22 വാർഷിക കണക്കു പ്രകാരം 31-03-2022 ലെ സംഞ്ചിത നഷ്ടം 4911.42 കോടി രൂപയാണ്. പ്രസ്തുത സമ്പത്തിക വർഷത്തെ നഷ്ടം 824.33 കോടി രൂപയാണ്. |
| (ബി) | എങ്കിൽ ഇപ്രകാരം നഷ്ടത്തിലാകാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരളാ വാട്ടർ അതോറിറ്റി അതിന്റെ ആരംഭ കാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാർ നൽകുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിനു ഒരു പരിധി വരെ കേരള വാട്ടർ അതോറിറ്റിയെ സഹായിക്കുന്നത്. അംഗീകൃത താരീഫ് അനുസരിച്ച് ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന വാട്ടർ ചാർജാണ് ജല അതോറിറ്റിയുടെ പ്രധാന വരുമാനമാർഗ്ഗം. 1000 ലിറ്റർ കുടിവെള്ളത്തിന് ഉൽപ്പാദന പ്രസരണ ചെലവ് 22.85 രൂപയും 1000 ലിറ്റർ കുടിവെള്ളത്തിന് വരുമാനം 10.92 രൂപയുമാണ്. അതായത് 1000 ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരളാ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം ഉണ്ടാകുന്നു. ജലശുദ്ധീകരണത്തിനും വിതരണത്തിനും വരുന്ന ചെലവിനേക്കാൾ കുറഞ്ഞ തുകയ്ക്ക് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നു. വർഷാവർഷം വർദ്ധിച്ചു വരുന്ന ശമ്പളം, പെൻഷൻ, വൈദ്യുത ചെലവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ള ചാർജിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. ഇവയെല്ലാം കേരളാ വാട്ടർ അതോറിറ്റി നഷ്ടത്തിലാകുവാൻ കരണമാകുന്നു. |

| | | | |
|---|---|---|---|
| (സി) | വെള്ളക്കരത്തിന്റെ നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിച്ചത് ജല അതോറിറ്റിയുടെ നഷ്ടം നികത്താനാണോ എന്ന് വ്യക്തമാക്കാമോ; | (സി) | **വെള്ളക്കരത്തിന്റെ നിരക്ക് വർദ്ധിപ്പിക്കുന്നതുമൂലം ജല അതോറിറ്റിയുടെ റവന്യൂ കമ്മി ഒരുപരിധി വരെ കുറയ്ക്കുന്നതിനും നിലവിലെ ബാധ്യതകൾ കൊടുത്തു തീർക്കുവാനും സാധിക്കും. കൂടാതെ വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുക വഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാനും സഹായിക്കും. അറ്റകുറ്റ പണികൾ സമയ ബന്ധിതമായി നടപ്പിലാക്കുവാനും അതുവഴി ജലച്ചോർച്ച തടയുവാനും ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനും സാധിക്കും.** |
| (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ നിന്നുമുള്ള കുടിശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ സാധിക്കാത്തതാണ് ജല അതോറിറ്റി നഷ്ടത്തിലാകാനുള്ള പ്രധാന കാരണം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | **ഇപ്രകാരമുള്ള ഒരു അക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാട്ടർ അതോറിറ്റിക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നായി ലഭിക്കേണ്ടത് 1591.80 കോടി രൂപയാണ്. എന്നാൽ നിലവിൽ വാട്ടർ അതോറിറ്റിയുടെ സഞ്ചിത നഷ്ടം 2021-22 പ്രകാരം 4911.42 കോടി രൂപയാണ്. ഇതു കൂടാതെ വിവിധ കാര്യങ്ങളിലായി വാട്ടർ അതോറിറ്റി കൊടുക്കാനുള്ള ബാദ്ധ്യത എന്നു പറയുന്നത് 2,567.05 കോടി രൂപയാണ്. ആയതിനാൽ മറ്റ് ഓഫീസുകളിൽ നിന്നുള്ള കുടിശ്ശിക പിരിച്ചെടുത്താൽ പോലും വാട്ടർ അതോറിറ്റിയുടെ സഞ്ചിത നഷ്ടം നികത്താനോ ഭാവിയിൽ നഷ്ടം ഉണ്ടാകാതിരിക്കാൻ കഴിയുകയോ ഇല്ല. കാരണം പിന്നീടും ഓരോ കിലോ ലിറ്ററിനും 11.93 രൂപ നഷ്ടം തുടരും. അയതിനാലാണ് വെള്ളക്കരം ഉയർത്തേണ്ടി വന്നത്.** |

സെക്ഷൻ ഓഫീസർ